## പതിനാലാം കേരള നിയമസഭ

### പതിനെട്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.443

### 04.02.2020 - ലെ മറുപടിക്ക്

**എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും സ്കൂളുകൾക്ക് വാഹനങ്ങൾ**

| ചോദ്യം<br>**ശ്രീ.പുരുഷൻ കടലുണ്ടി** | മറുപടി<br>**ഡോ. റ്റി. എം. തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പമന്ത്രി)** |
|---|---|
| എ) എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും സ്കൂളുകൾക്ക് വാഹനങ്ങൾ നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ വേഗത്തിലാ ക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ; | നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സ്കൂൾ ബസ് വാങ്ങുന്നതിനുള്ള അനുമതി നൽകിയിരിക്കുന്നത് 09/12/2016-ലെ സ.ഉ(അ)നം.178/2016/ധന പ്രകാരമാണ്. ബന്ധപ്പെട്ട പൊതുവിദ്യാഭ്യാസ ഉപഡയറക്ടർ (DDE) സാക്ഷ്യപ്പെടുത്തുന്ന ആവശ്യകതാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും വാഹനം വാങ്ങുന്നതിനായി നിലവിലെ മാനദണ്ഡങ്ങൾ പാലിക്കണമെന്നും വാങ്ങുന്ന വാഹനത്തിന്റെ ആവർത്തന/ പരിപാലനചെലവുകൾ സർക്കാർ വഹിക്കുന്നതല്ല എന്നുമുള്ള നിബന്ധനകളോട് കൂടിയാണ് പ്രസ്തുത ഉത്തരവിൽ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ബസ് വാങ്ങുന്നതിനുള്ള അനുമതി നൽകിയിരിക്കുന്നത്. പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) ചീഫ് എഞ്ചിനീയർ നിയന്ത്രണാധികാരിയായ '4202-01-800-88-projects under LAC-ADS(NP)' എന്ന ശീർഷകത്തിൽ നിന്നാണ് ഇതിനായുള്ള ചെലവ് വഹിച്ചിരുന്നത്. മേൽ ശീർഷകത്തിൽ നിന്നും ഫണ്ടുകൾ മാറി നൽകുന്നതിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഈ ആവശ്യത്തിലേയ്ക്ക് മാത്രമായി '4202-01-800-84-Projects under LAC-ADS - Other projects (NP)' എന്ന ഒരു പുതിയ ശീർഷകം 2018-19 സാമ്പത്തിക വർഷത്തെ ആദ്യത്തെ ഉപധനാഭ്യർത്ഥനയിലൂടെ ആരംഭിച്ചിട്ടുണ്ട്. പൊതുവിദ്യഭ്യാസവകുപ്പ് സെക്രട്ടറിയെയാണ് ഈ ശീർഷകത്തിന്റെ നിയന്ത്രണാധികാരിയായി നിശ്ചയിച്ചിട്ടുള്ളത്. ബസ് വാങ്ങുന്നതിനുള്ള ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കുന്നത് സംബന്ധിച്ച പരാതിയും ശ്രദ്ധയിൽപെടുകയുണ്ടായി. ബസുകൾ വാങ്ങുന്നത് സംബന്ധിച്ച് നിലവിലുള്ള സ്റ്റോർ പർചേസ് ചട്ടങ്ങൾ പാലിക്കണമെന്നാണ് ഈ വകുപ്പ് നിർദ്ദേശം നൽകിയിരുന്നത്. എന്നാൽ സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സാധാരണ ആവശ്യമുള്ള സാധനങ്ങളും സേവനങ്ങളും കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിലുള്ള Government e marketplace (GeM) വഴി ലഭ്യമാക്കുന്നതിന് 27/03/2018 ലെ G.O(Ms)No.02/2018/SPD പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉപയോഗത്തിനായുള്ള വിവിധതരം ബസുകളുടെ സ്പെസിഫിക്കേഷൻ GeM പോർട്ടലിൽ ഉൾപ്പെടുത്തുന്നതിനും വാഹനങ്ങൾ GeM പോർട്ടൽ ഉപയോഗിച്ച് വാങ്ങുന്നതിനും പൊതുവിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. എം.എൽ.എ ആസ്തിവികസന ഫണ്ടിൽ നിന്നും സർക്കാർ സ്കൂളുകളിൽ ബസ്സുകൾ വാങ്ങുന്നതിനുള്ള തുക അനുവദിക്കുന്ന നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ട്. 05/03/2019 ലെ സ.ഉ(സാധാ)നം.1648/2019/ധന. ഉത്തരവു പ്രകാരം 14 ജില്ലകളിലേയും വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരെ 4202-01-800-84(NPV) എന്ന ശീർഷകത്തിൽ ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർമാരായി നിയോഗിച്ച ഉത്തരവായിട്ടുണ്ട്. മേൽ വിവരങ്ങൾ എല്ലാ ജില്ലാ കളക്ടർമാരേയും അറിയിച്ചിട്ടുണ്ട്. |

| | |
|---|---|
| ബി) ബാലുശ്ശേരി മണ്ഡലത്തിലെ 2018-19 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും കായണ്ണ ജി.എച്ച്.എസ്സിന് അനുവദിച്ച സ്കൂൾ വാഹനം വാങ്ങുന്നതിന് ഇതുവരെ അനുമതിയായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ട ഫയൽ പരിഗണനയിലാണ്. |
| സി) പദ്ധതികൾ നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുമ്പോൾ അതിനു ഉത്തരവാദികളായവർക്ക് എതിരെ മാതൃകാപരമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ? | പദ്ധതികൾ നടപ്പിലാക്കുന്നതിന് മനപൂർവ്വമായ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ അതിനു ഉത്തരവാദികളായവർക്കെതിരെ മാതൃകാപരമായ നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**